"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി- വിവിധ വകുപ്പുകൾ മുഖേന നല്കുന്ന ആനുകൂല്യങ്ങൾക്ക്/സേവനങ്ങൾക്ക് തിരിച്ചറിയൽ രേഖകളും സാക്ഷ്യപത്രങ്ങളും ഹാജരാക്കുന്നതിൽ നിന്നും അതിദരിദ്ര പട്ടികയിൽപെട്ടവരെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

G.O.(Rt)No.1610/2023/LSGD തീയതി,തിരുവനന്തപുരം, 07-08-2023

---

പരാമർശം:- 1. 16/07/2021 തീയതിയിലെ സ.ഉ.(കൈ)നം.145/2021/തസ്വഭവ.

2. 27/03/2023 തീയതിയിലെ IA1/52/2022/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിദാരിദ്ര്യ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അതിദരിദ്ര്യ സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ട എല്ലാ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് നല്കുന്നതിന് പരാമർശം(2) പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർക്ക് വരുമാന സർട്ടിഫിക്കറ്റ്, വിവിധ തിരിച്ചറിയൽ രേഖകൾ എന്നിവ ഇല്ലാത്ത കാരണത്താൽ സർക്കാർ വകുപ്പുകൾ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ/സേവനങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിദരിദ്ര്യ സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവർക്ക് വിവിധ വകുപ്പുകൾ നല്കിവരുന്ന ആനുകൂല്യങ്ങൾ/സേവനങ്ങൾ ലഭ്യമാക്കുന്നതിന് ടിയാളുകൾക്ക് യാതൊരുവിധമായ തിരിച്ചറിയൽ കാർഡുകൾ, സാക്ഷ്യപത്രങ്ങൾ എന്നിവ നിഷ്കർഷിക്കേണ്ടതില്ല എന്നും ടിയാളുകൾക്ക് ആനുകൂല്യങ്ങൾ നല്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR VENU V I A S

CHIEF SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ (അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പ്

മിഷൻ ഡയറക്ടർ, എം.ജി.എം.എൻ.ആർ.ഇ.ജി.എസ്.

സി.ഇ.ഒ., ലൈഫ് മിഷൻ
സ്റ്റേറ്റ് നോഡൽ ഓഫീസർ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി
എല്ലാ വകുപ്പ് തലവൻമാർക്കും, ED, IKM ✓
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/52/2022-Part-I)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 08-08-2023 09:51:22
സെക്ഷൻ ഓഫീസർ